**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **08-10-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബിൽ പ്രതിമാസം ആക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ നിലവിലുള്ള ബില്ലിംഗ് സമ്പ്രദായം മൂലം സാധാരണക്കാരായ ജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്റ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേര ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ട 2(18) പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതിനുള്ള കാലാവധ നിശ്ചയിക്കേണ്ടത് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷനാണ്. നിലവി സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക പ്രതിമാസ ബില്ല് നൽകുവാനുള്ള (ഇപ്പോൾ ദ്വൈമാസ ബില്ല് നൽകുന്ന ഉപഭോക്താക്കൾക്ക്) ഒരു നിർദ്ദേശവു റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടില്ല.<br><br>കൂടാതെ, സംസ്ഥാനത്തെ വിവിധ വിഭാഗ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ പരിഷ്കരിക്കുന്നതിനുള്ള അധികാര സംസ്ഥാന വൈദ്യുതി റെഗുലേറ്റ കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്റ കമ്മീഷൻ 31.10.2023 -ൽ പുറപ്പെടുവി താരിഫ് ഉത്തരവ് പ്രകാരമാണ് നിലവി വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷ പ്രതിമാസ നിരക്കുകളാണ് താരിഫ ഓർഡറിൽ നൽകിയിരിക്കുന്നത ഇതനുസരിച്ച് ഉപഭോക്താക്കൾക്ക് യാതൊര വിധ നഷ്ടവും കൂടാതെയാണ് ബില്ലുകൾ നൽകിവരുന്നത്. രണ്ടുമാസത്തെ ബിൽ തുക ഒരുമിച്ച് എടുക്കുവാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലിംഗ സമ്പ്രദായം ഒരു ആശ്വാസം തന്നെയാണ എന്നാൽ പ്രതിമാസ ബില്ലിംഗ് സമ്പ്രദായ വഴി ഉണ്ടാകുന്ന അധിക ബാധ്യത പരമാവധ |

| | | | |
|---|---|---|---|
| | | | കുറച്ച് മാത്രമേ ഈ കാര്യത്തിൽ തീരുമാന എടുക്കാൻ കഴിയുകയുള്ളു. |
| (ബി) | നിലവിലുള്ള ബില്ലിംഗ് സമ്പ്രദായം മൂലം ഉപഭോക്താവ് കൂടുതൽ തുക അടയ്ക്കേണ്ടതായി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ വൈദ്യുത ഉപഭോക്താക്കൾക്കും ബില്ലുകൾ നൽകുന്നത സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന നിശ്ചയിച്ച നിരക്കിലും മാനദണ്ഡങ്ങൾ പ്രകാരവുമാണ്. ആയതിനാൽ ദ്വൈമാസ ബില്ലുകൾ നൽകുന്നതും മൂലം ഉപഭോക്താ കൂടുതൽ തുക അടയ്ക്കേണ്ടതായി വരുന്നില്ല.<br><br>ദ്വൈമാസ ബില്ലുകൾ കണക്കാക്കുന്ന വിധം താഴെ കൊടുത്തിരിക്കുന്നു.<br><br>1. മീറ്റർ റീഡിങ് പ്രകാരം ദ്വൈമാസ ഉപഭോഗം കണക്കാക്കുന്നു.<br>2. ദ്വൈമാസ ഉപഭോഗത്തിൽ നിന്നും മാസ ഉപഭോഗം കണക്കാക്കുന്നു.<br>3. പ്രതിമാസ ഉപഭോഗത്തിനു കമ്മീഷൻ അംഗീകരിച്ച പ്രതിമാസ നിരക്കുകൾ പ്രകാരം ഒരു മാസത്തേക്കുള്ള ബില്ല് തയ്യാറാക്കുന്നു.<br>4. പ്രതിമാസ ബില്ലിനെ രണ്ടുകൊണ്ട് ഗുണിച്ച് ദ്വൈമാസ ബില്ല് തുക കണ്ടെത്തുന്നു. |
| (സി) | എങ്കിൽ ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കി വരുന്ന ബില്ലിംഗ് സമ്പ്രദായം ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമാകുന്നതിനായി പ്രതിമാസ രീതിയിൽ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ദ്വൈമാസ ബില്ലുകൾ നൽകുന്നതു മൂല ഉപഭോക്താവ് കൂടുതൽ തുക അടയ്ക്കേണ്ടതായ വരുന്നില്ല. എന്നാൽ രണ്ടുമാസത്തെ ബി തുക ഒരുമിച്ച് എടുക്കുവാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലിംഗ സമ്പ്രദായം ഒരു ആശ്വാസമായിരിക്കും പ്രതിമാസ മാസ ബില്ലുകൾ നൽകുന്നതും മൂല കെ.എസ്.ഇ.ബി ലിമിറ്റഡിന് പ്രതിവർഷ ഏകദേശം 50 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകും എന്നാണ കണക്കാക്കുന്നത് പ്രവർത്തന പരിപാലന ചെലവിലുള്ള (Operation& maintenance Expenses) ടി അധിക ബാധ്യത പരമാവധ കുറച്ച് പ്രതിമാസബില്ലുകൾ നൽകുന്ന സംവിധാനം കമ്മീഷന്റെ അനുമതിയോടുകൂട നടപ്പിലാക്കുന്നതിനെ കുറിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡ് ഗൗരവതരമായി ആലോചിച്ച വരുന്നു. |

| | | | |
|---|---|---|---|
| | | | കോവിഡ്കാലത്ത് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സംവിധാനം വിപുലമായി നടപ്പിലാക്കുമ്പോൾ നിലവിലുള്ള ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ മാറ്റ വരുത്തേണ്ടതായിട്ടുണ്ട്. നിലവിൽ പ്രതിമാസ ബില്ലിംഗ് ആവശ്യമുള്ള ഉപഭോക്താക്കൾക്ക കമ്മീഷന്റെ അനുമതിയോടു കൂടി നടപ്പിലാക്കുന്നതിനാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് ആലോചിക്കുന്നത്. |
| (ഡി) | നിലവിൽ തുടർന്നുവരുന്ന ബില്ലിംഗ് സമ്പ്രദായം കൊണ്ട് ബോർഡിന് എന്തെല്ലാം നേട്ടങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കാമോ; | (ഡി) | ബില്ലുകൾ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിക്കുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആയതിനാൽ അതനുസരിക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് ബാധ്യസ്ഥരാണ്. നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ദ്വൈമാസ മീറ്റർ റീഡിംഗ് എടുക്കുന്നത് വഴി മീറ്റർ റീഡിംഗിനുള്ള ചെലവ് രണ്ട് മാസത്തിലൊരിക്കലേ ഉണ്ടാവുകയുള്ളൂ. |
| (ഇ) | നിലവിലുള്ള ബില്ലിംഗ് സമ്പ്രദായം പ്രതിമാസ രീതിയിലേക്ക് മാറ്റുമ്പോൾ എന്തെല്ലാം നഷ്ടങ്ങളാണ് ബോർഡിന് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ? | (ഇ) | പ്രതിമാസ ബില്ലിംഗ് ഏർപ്പെടുത്തുമ്പോൾ ഓരോ മാസവും ഏകദേശം 50 ലക്ഷം റീഡിങ്ങുകൾ അധികമായി എടുക്കേണ്ടി വരും. കൂടുതൽ മീറ്റർ റീഡർമാരെയും അതിനനുസരിച്ച് ബില്ലിംഗ് സ്റ്റാഫിനെയും നിയോഗിക്കേണ്ടതായി വരും. മീറ്റർ റീഡിങ്ങിനു മാത്രമായി പ്രതിവർഷം ഏകദേശം 50 കോടിയോളം രൂപ അധികമായി കണ്ടെത്തേണ്ടി വരും. കൂടാതെ നിലവിലുള്ള ഡേറ്റ സെർവറിൽ അപ്ഡേഷൻ ആവശ്യമായി വരും.<br><br>പ്രതിമാസബിൽ നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ മീറ്റർ റീഡർമാരെ നിയോഗിക്കുന്നത് മൂലമുള്ള അധിക ബാധ്യതയായ 50 കോടി രൂപ ഉപഭോക്താക്കളുടെ താരിഫിൽ യൂണിറ്റ് ഒന്നിന് രണ്ടു പൈസയുടെ വർദ്ധനവ് ഉണ്ടാക്കും. കെ.എസ്.ഇ.ബി.എൽ-ന്റെ നേട്ടത്തിനേക്കാൾ ഉപരിയായി, ഉപഭോക്താക്കളുടെ നേട്ടത്തിന് പ്രാമുഖ്യം നൽകുന്നതുകൊണ്ടാണ് ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം തുടരുന്നത് . |

സെക്ഷൻ ഓഫീസർ